US PROFILES

സിബി ഡേവിഡ്

emalayalee.com



ആത്മസമർപ്പണമാണ് വിജയമന്ത്രം: സിബി ഡേവിഡ്

മീട്ടു റഹ്മത്ത് കലാം

സിനിമാക്കഥ പോലെ ട്വിസ്റ്റുകൾ നിറഞ്ഞ ജീവിതാനുഭവങ്ങളാണ് അമേരിക്കൻ മലയാളിയായ സിബി ഡേവിഡിന് പങ്കുവയ്ക്കാനുള്ളത്. ഹൈസ്കൂളിൽ വച്ച് പഠനം ഉഴപ്പി, സഹോദരിയുടെ സ്പോൺസർഷിപ്പിൽ അമേരിക്കയിലെത്തിയ സിബിയെക്കുറിച്ച് കുടുംബക്കാർക്കുപോലും ആശങ്കയുണ്ടായിരുന്നു. തൊണ്ണൂറിൽ ന്യൂയോർക്ക് സിറ്റിയിലെ ട്രാഫിക് എൻഫോഴ്സ്മെന്റ് ഓഫീസറായി നിയമനം ലഭിച്ചത് വലിയൊരു വഴിത്തിരിവായി. ലോകത്തിലെ തന്നെ ഏറ്റവും വലിയ ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തേക്ക് എത്തപ്പെട്ടത് തൊഴിലിനോടുള്ള ആത്മാർത്ഥത ഒന്നുകൊണ്ട് മാത്രമാണെന്ന് സിബി ഡേവിഡ് പറയുന്നു. യുണൈറ്റഡ് ആർട്സ്, ഗ്ലോബൽ ആർട്സ്, കലാവേദി, മലയാളവേദി ഓഫ് ന്യൂയോർക്ക് എന്നിങ്ങനെ മാനവികത ലക്ഷ്യമിടുന്ന ഒരുപിടി സംഘടനകൾക്ക് രൂപം കൊടുക്കാനും അദ്ദേഹം ചുക്കാൻ പിടിച്ചിട്ടുണ്ട്. കലാസാംസ്കാരിക രംഗത്ത് സ്തുത്യർഹമായ സംഭാവനകൾ നൽകിയിട്ടുള്ള സിബി ഡേവിഡ്, ഇ-മലയാളിയോട് മനസുതുറക്കുന്നു...

യൗവ്വനാരംഭത്തിൽ അമേരിക്കയിൽ എത്തിയതാണല്ലോ, നാട്ടിൽ ചിലവഴിച്ച ബാല്യകൗമാരങ്ങൾ മൂന്ന് പതിറ്റാണ്ടിന് ശേഷവും ജീവിതത്തെ സ്വാധീനിക്കുന്നുണ്ടോ?

ഞങ്ങൾ ഒൻപത് മക്കൾ പത്തനംതിട്ടയിലെ തികച്ചും ഗ്രാമീണ അന്തരീക്ഷത്തിലാണ് വളർന്നുവന്നത്. മാതാപിതാക്കളും മൂത്ത സഹോദരനും ഇപ്പോൾ ജീവിച്ചിരിപ്പില്ല. അയല്പക്കക്കാരോട് സ്നേഹത്തോടെയും കരുതലോടെയും പെരുമാറുകയും ആത്മീയതയിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്ത അച്ചായനും അമ്മയും പകർന്നുതന്ന പാഠങ്ങളാണ് ഇപ്പോഴും ജീവിതത്തിന്റെ വഴിവിളക്ക്. മറ്റുള്ളവരെ സഹായിക്കാൻ പണം വേണമെന്നില്ല, ഹൃദയത്തിന്റെ വാതിലുകൾ തുറന്നിടുകയാണ് വേണ്ടത്. കഷ്ടതകൾക്ക് നടുവിലും മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ സന്നദ്ധരായിരുന്ന മാതാപിതാക്കളെ കണ്ടുവളർന്നതുകൊണ്ടാകാം, ഹ്രസ്വമായ ജീവിതം കഴിയുന്നത്ര ആളുകൾക്ക് പ്രയോജനപ്പെടുത്തണമെന്നാണ് ആഗ്രഹം. വൈകാരികമായി ചിന്തിക്കുന്ന എന്നെ സംബന്ധിച്ച് ജനിച്ച നാടും നമ്മുടെ സംസ്കാരവും ഭാഷയും സംഗീതവും എല്ലാം എന്നും പ്രിയപ്പെട്ടതാണ്.

emalayalee.com

അമേരിക്കയിൽ വന്നത് ഒരു സ്വപ്നസാക്ഷാത്കാരമായിരുന്നോ?

അങ്ങനെ വിശാലമായ കാഴ്ചപ്പാടൊന്നും അന്ന് ഉണ്ടായിരുന്നില്ല. ഹൈസ്കൂൾ കഴിഞ്ഞ് ടെക്നിക്കൽ കോഴ്സിന് ചേരുകയും, അല്ലറചില്ലറ സാമൂഹിക ഇടപെടലുകളുമായി ഉഴപ്പി നടക്കുകയും ചെയ്ത സമയത്താണ് 70 കളിൽ ഇവിടെ കുടിയേറിയ സഹോദരി എനിക്ക് അമേരിക്കയിലേക്ക് വിസ തരപ്പെടുത്തിയത്. ബോംബെയിൽ രണ്ടുദിവസം തങ്ങിയിട്ടാണ് ന്യൂയോർക്ക് സിറ്റിയിൽ വന്നത്. ബോംബെ നഗരം പോലും അമ്പരപ്പോടെ നോക്കി നിന്ന ആ പത്തൊമ്പതുകാരനെ സംബന്ധിച്ച് ന്യൂയോർക്ക് മഹാത്ഭുതമായിരുന്നു. 87 ലെ കാര്യമാണ് പറയുന്നത്. വന്ന് രണ്ടാമത്തെ ആഴ്ചതന്നെ കുറെയധികം മലയാളികൾ പ്രവർത്തിക്കുന്ന കമ്പനിയിൽ ചെറിയ ടെക്നിക്കൽ ജോലി കിട്ടി.

ഗവണ്മെന്റ് ജോലി വേണമെന്ന് തോന്നാൻ കാരണം? ന്യൂയോർക്കിലെ ട്രാഫിക് നിയന്ത്രണം വെല്ലുവിളി നിറഞ്ഞതല്ലേ?

ഇംഗ്ലീഷ് ഭാഷയിൽ തീരെ പ്രാവീണ്യം ഉണ്ടായിരുന്നില്ല. ഇവിടെയെത്തി കുറച്ചുകാലം രാത്രി ക്ളാസ്സുകളിൽ പോയി പഠിക്കുകയും ഹൈസ്കൂൾ ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. ഒരു വർഷം കഴിഞ്ഞാണ് ന്യൂയോർക്ക് സിറ്റിയുടെ പബ്ലിക് സർവീസ് ടെസ്റ്റ് എഴുതിയത്. അങ്ങനെ റോഡിലെ ട്രാഫിക് നിയമങ്ങൾ എൻഫോഴ്സ് ചെയ്യുന്ന ജോലി താല്പര്യത്തോടെയാണ് ഏറ്റെടുത്തത്.

ന്യൂ യോർക്ക് സിറ്റിയുടെ അഞ്ച് ബോറോകളിൽ (ഡിസ്ട്രിക്ടുകൾ) വളരെ ആളുകൾ തിങ്ങി പാർക്കുന്ന നഗരഭാഗമാണ് ബ്രോങ്ക്സ്. അവിടെ ലോകത്തിലെ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ ഉണ്ട്. കൂടുതലായും ആഫ്രിക്കൻ വംശജരും, സൗത്ത് അമേരിക്കൻ വംശജരും ആണ് ഉള്ളത്. മിഡിൽ ക്ലാസിനും താഴെയാണ് ഭൂരിഭാഗവും. എന്നാൽ ബോങ്ക്സിന്റെ ചില ഭാഗങ്ങളിൽ (റിവർഡെയ്ൽ) അതി സമ്പന്നരും താമസിക്കുന്ന സ്ഥലങ്ങളുണ്ട്. തൊണ്ണൂറുകളിൽ പൊതുവെ കുറ്റകൃത്യങ്ങൾ കൂടുതലായിരുന്നു. തെരുവിൽ അന്യരാജ്യക്കാർ ഉപദ്രവിക്കപ്പെടുക പതിവായിരുന്നു.

emalayalee.com

ബ്രോങ്ക്സ് പോലൊരു നഗരത്തിൽ, തോക്കുപോലുമി ല്ലാതെ എൻഫോഴ്സ്മെന്റ് ഡ്യൂട്ടി ചെയ്യുക നിസ്സാരമല്ല. വീട്ടുകാർ ആദ്യം എതിർത്തു. യൂണിഫോം ധരിച്ച് ലൈറ്റ് പിടിപ്പിച്ച വാഹനത്തിൽ നമ്മളെ കാണുന്നത് ആളുകൾക്ക് ചതുർത്ഥിയാണ്. തോക്ക് കയ്യിൽ ഇല്ലാത്തതുകൊണ്ട് സാമൂഹ്യ വിരുദ്ധർ ഉപദ്രവിച്ചെന്നും വരും. ആദ്യ മൂന്നുവർഷത്തിൽ തന്നെ ദുരനുഭവങ്ങൾ ഉണ്ടായിട്ടും പിടിച്ചു നിൽക്കാൻ സാധിച്ചു. കോടതിയിലും കയറിയിറങ്ങേണ്ടി വന്നിട്ടുണ്ട് . എങ്കിൽപ്പോലും, എന്റെ എൻഫോഴ്സ്മെന്റ് ഏര്യയിലുള്ള ഒരു വാഹനവും പരിശോധിക്കാതെ വിട്ടിട്ടില്ല. ദിവസേന നൂറ് സമൻസൊക്കെ എഴുതിയിട്ടുണ്ട്. ജോലിയിൽ അലസത കാണിച്ചിട്ടില്ല. ആ തീരുമാനമാണ് കരിയറിലെ ഉയർച്ചയ്ക്ക് കാരണം. ജീവിതത്തിൽ അച്ചടക്കം വന്നതും ആധികാരികമായി സംസാരിക്കാൻ പഠിച്ചതും ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തിയതും ഈ തൊഴിലിൽ ഏർപ്പെട്ട ശേഷമാണ്. എട്ടു മണിക്കൂറും തെരുവിൽ വിവിധ തരക്കാരായ ആളുകളുമായി ഇടപെടേണ്ടുന്ന ജോലിയാണിത്.

പ്രതിബന്ധങ്ങളെ നേരിടാൻ കരുത്താർജ്ജിച്ചതും ഈ ജോലിയിൽ വന്ന ശേഷമാണോ?

അത് രക്തത്തിലുള്ളതാണ്. അച്ചായന്റെ സഹോദരനും എന്റെ സഹോദരിയും രണ്ട് സഹോദരന്മാരും അളിയന്മാരും, കസിൻസും ഒക്കെ ഇന്ത്യൻ മിലിറ്ററിയിൽ ആയിരുന്നു. ചെറിയ പ്രായത്തിൽ ഞാനും പട്ടാളത്തിൽ ചേരാൻ ആഗ്രഹിച്ചിട്ടുണ്ട്. പ്രതിബന്ധങ്ങളെ നേരിടുന്നത് ഒരു ത്രില്ലാണ്. ന്യൂയോർക്ക് സിറ്റിയിൽ പൊലീസ് ടെസ്റ്റെഴുതിയും പാസായതാണ്. തൊണ്ണൂറ്റി മൂന്നിൽ, NYPD പോലീസ് പരീക്ഷ എഴുതിയ നാൽപ്പതിനായിരം പേരിൽ അത് പാസായ അയ്യായിരത്തില്പരം പേരിൽ എന്റെ പേരും ഉണ്ടായിരുന്നു. അതിന്റെ തുടർച്ചയായ ഫിസിക്കലും സൈക്കോളജിക്കലും ഒക്കെ പാസ്സായ ആയിരത്തിഅഞ്ഞൂറോളം പേരിൽ ഞാനും ഉണ്ടായിരുന്നു. ട്രെയിനിങ്ങിന് വിളിച്ച സമയത്തായിരുന്നു എന്റെ വിവാഹം കഴിഞ്ഞത് . നമ്മൾ എത്ര റിസ്ക് എടുക്കാൻ തയ്യാറായാലും വീട്ടുകാർക്ക് വേണ്ടി ചില വിട്ടുവീഴ്ചകൾ നടത്തേണ്ടി വരും. അങ്ങനെയാണ് ട്രാഫിക്കിൽ തുടർന്നത്.

വിവേചനം നേരിട്ടിട്ടുണ്ടോ?

വിവേചനപരമായ കമന്റുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. 'ഗോ ബാക് ടു യുവർ എ...... ഇന്ത്യ' എന്നൊക്കെ കേൾക്കേണ്ടി വരുന്നത് പതിവായിരുന്നു. 'ബൊഡെഗ'യിൽ (നമ്മുടെ പീടികക്കടകൾക്ക് സമാനമായ) മയക്കുമരുന്നടിച്ച് ആടിത്തൂങ്ങി നിൽക്കുന്ന അക്രമികൾ ഇഷ്ടിക ഒക്കെ എടുത്ത് എറിഞ്ഞ്, വണ്ടി ചളുങ്ങിപ്പോയിട്ടുണ്ട്. ചില നെയ്ബർഹുഡുകളിൽ എൻഫോഴ്സ് ചെയ്യുന്നത് ലോക്കൽ



NIGHT
2014

BE THANKFUL
LIVE SIMPLY

THE KERALA CENTER

Y's Men International
USA AND CANADA/CARIBBEAN
JOINT AREA CONVENTION

"To Acknowledge the Duty that Accompanies Every Right"
Y'S MEN INTERNATIONAL

ആളുകൾ എതിർക്കുന്നതിന്റെ ഭാഗമാണിത്. അവിടെ അന്നൊക്കെ പോലീസിങ്ങും കാര്യക്ഷമമായി ഉണ്ടായിരുന്നില്ല. മനസ്സാന്നിധ്യം കൊണ്ടാണ് അത്തരം സാഹചര്യങ്ങൾ നേരിടുന്നത്. അമേരിക്കയിൽ കുടിയേറുന്ന വിദേശീയരുടെ ആദ്യ തലമുറ കഠിനാധ്വാനം ചെയ്ത് കരപിടിച്ചുകഴിയുമ്പോൾ, ഇവിടെ ജനിച്ചുവളർന്ന അടുത്ത തലമുറ ലഹരിക്ക് അടിമയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് വിഷമകരമാണ്. മൈനോരിറ്റിസിന്റെ ഇടയിലാണ് കൂടുതലായും ഇത്തരം അവസ്ഥയുള്ളത്. അമേരിക്ക നൽകുന്ന അവസരങ്ങളും സ്വാതന്ത്ര്യവും ദുരുപയോഗിക്കുകയാണ് അവർ   ചെയ്യുന്നത്. തൊണ്ണൂറുകളിൽ ഞാൻ നടത്തിയിരുന്ന പിറ്റ്സ റെസ്റ്റോറന്റ് പല തവണ ഇത്തരക്കാർ പട്ടാപ്പകൽ തോക്കു ചൂണ്ടി കൊള്ളയടിച്ചിട്ടുണ്ട് . ന്യൂയോർക്ക് സിറ്റിയിൽ ഇതൊക്കെ സാധാരണ സംഭവമാണ്. എന്നാൽ ഭാരതീയരുടെ പ്രേത്യകിച്ചു മലയാളികളുടെ പുതു തലമുറയിൽ ഇത്തരം മൂല്യച്യുതിയില്ല എന്നത് അഭിമാനകരമാണ്.

കരിയർ ഗ്രാഫിൽ സംതൃപ്തനാണോ?

ന്യൂ യോർക്ക് സിറ്റിയിൽ റെഡ് ലൈറ്റ് കാമറ എൻഫോഴ്സ്മെന്റ് ആദ്യമായി നടപ്പിലാക്കിയത് 94 ലാണ്. ആദ്യഘട്ടത്തിൽ തന്നെ ഒരു ടെക്നിഷ്യൻ എന്ന നിലയിൽ അതിൽ ഭാഗമാകാൻ കഴിഞ്ഞു. തൊണ്ണൂറ്റിയാറിൽ ട്രാൻസ്ഫർ വാങ്ങി അതെ ഡിപ്പാർട്മെന്ടിൽ ട്രാഫിക് മാനേജ്മന്റ് സെന്ററിൽ ജോലി നേടി. സർവെയ്ലൻസ് ക്യാമറയുടെ സഹായത്തോടെ മുഴുവൻ സിറ്റിയിലെയും ട്രാഫിക് മാനേജ് ചെയ്യാൻ അവസരം ലഭിച്ചത് അവിടെയാണ്. ഒരേസമയം നൂറുകണക്കിന് സ്ക്രീനുകളിൽ ശ്രദ്ധിക്കണം. എൻജിനിയറിങ് ഡിഗ്രിയും, ട്രാഫിക് എൻജിനീയറിങ്ങിലും ട്രാൻസ്പോട്ടേഷൻ മാനേജ്മെന്റിലും പ്രാവിണ്യവുമുള്ളവർക്ക് മാത്രം അവസരമുള്ള ജോലിയാണിത്. സിസ്റ്റം എഞ്ചിനിയറിങ് ആൻഡ് ഇൻസിഡന്റ് മാനേജ്മെന്റിന്റെ ഭാഗമായി പത്തു വർഷത്തോളം നിരവധി കോഴ്സുകളും തുടർ പഠനങ്ങളും നടത്താൻ അവസരം കിട്ടിയിട്ടുണ്ട്. വേൾഡ് ക്ലാസ് ട്രെയ്നർമാർ നടത്തുന്ന പ്രോഗ്രാമുകളിൽ നിന്നും ധാരാളം കാര്യങ്ങൾ പഠിക്കാൻ സാധിച്ചിട്ടുണ്ട്. 99 -ൽ സിസ്റ്റം എഞ്ചിനിയറിങ്ങിൽ സൂപ്പർവൈസർ പദവി എന്ന ഉത്തരവാദിത്തം ഏറ്റെടുത്തു. 10 വർഷം സൂപ്പർവൈസറായി തുടർന്നു. എമർജൻസി മാനേജ്മന്റ് സംബന്ധിച്ച നിരവധി കാര്യങ്ങൾ അറിഞ്ഞിരിക്കണം. പോലീസ് ഡിപ്പാർട്മെന്റ് ഉൾപ്പടെ മറ്റു റീജിയണൽ ഏജൻസികളുമായി കോർഡിനേറ്റു ചെയ്ത് മികച്ച രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടത്. 2007- ൽ ക്യാമറ എൻഫോഴ്സ്മെന്റിലേക്ക് സൂപ്പർവൈസറായി തിരിച്ചുവന്നു. ഇപ്പോൾ വിവിധ എൻഫോഴ്സ്മെന്റ് പ്രോഗ്രാമുകൾ ഉണ്ട്. രണ്ടായിരത്തി പതിനെട്ടു മുതൽ ലോകത്തിലെ ഏറ്റവും ബൃഹത്തായ ട്രാഫിക് എൻഫോഴ്സ്മെന്റ് ഓപ്പറേഷന്റെ ഡെപ്യൂട്ടി ഡയറക്ടറായി സേവനം ചെയ്യുന്നു. അർപ്പണബോധത്തോടെ എന്റെ കർത്തവ്യം നിർവ്വഹിക്കാൻ സാധിക്കുന്നതിൽ തികഞ്ഞ സംതൃപ്തിയുണ്ട്.

നേട്ടങ്ങൾ,പുരസ്കാരങ്ങൾ?

ട്രാഫിക് എൻഫോഴ്സ്മെന്റ് ഡ്യൂട്ടി മികച്ച രീതിയിൽ

emalayalee.com

ചെയ്തതിന് തുടർച്ചയായി മൂന്നുവർഷം കമന്റേഷൻ ലഭിച്ചിട്ടുണ്ട്. ബെസ്ററ് എൻഫോഴ്സ്മെന്റ് ഓഫിസർ, ബെസ്റ്റ് യൂണിഫോംഡ് ഓഫീസർ എന്നിങ്ങനെ പല ക്രെഡിറ്റുകളും കിട്ടിയിട്ടുണ്ട്. യൂണിഫോം (തൊപ്പി,റേഡിയോ,കോട്ട്) എല്ലാം ജോലിസമയത്ത് കൃത്യമായും വൃത്തിയായും ധരിക്കുകയെന്നത് എനിക്ക് നിർബന്ധമാണ്. പ്രൊഫഷണലിസം അല്പം കൂടുതലാണെന്ന് വേണമെങ്കിൽ പറയാം. തൊണ്ണൂറുകളിൽ പൊതുവെ ജോലിക്കാർക്കിടയിൽ അലസതയുണ്ടായിരുന്ന ഒരു രീതിയായിരുന്നു. എൻഫോഴ്സ്മെന്റിലും മാനേജ്മെന്റിലും ഉള്ള പ്രാവിണ്യം കൊണ്ട് നിരവധി സെർട്ടിഫിക്കറ്റുകൾ നേടിയിട്ടുണ്ട്. കൂടാതെ ഇന്നൊവേറ്റീവ് സംഭവനയ്ക്ക് എബോവ് ആൻഡ് ബീയോണ്ട് അവാർഡും ന്യൂ യോർക്ക് സിറ്റിയിൽ നിന്നും കിട്ടിയിട്ടുണ്ട്.

ഈ രംഗത്ത് കൂടുതൽ മലയാളികളുണ്ടോ? എങ്ങനെയാണ് അവരുടെ മനോഭാവം?

പല പദവികളിലായി ഇരുന്നൂറിലധികം ജോലിക്കാർ എന്റെ യൂണിറ്റിൽ ജോലി ചെയ്യുന്നുണ്ട്. മലയാളികൾ ഉൾപ്പടെ ധാരാളം ഇന്ത്യക്കാർ ഉണ്ട്. വളരെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും അക്കൂട്ടത്തിൽ ഉണ്ട്. വളരെ ആത്മാർത്ഥമായി ജോലി ചെയ്യുന്നവരാണ് പൊതുവെ മലയാളികൾ എല്ലാം തന്നെ. ഓഫീസിൽ മറ്റു രാജ്യക്കാരോട് ചേർന്ന് തങ്ങളുടെ ഡ്യൂട്ടി ചെയ്യുന്നതിൽ അലംഭാവം വരുത്താറില്ല. പല മലയാളികൾക്കും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ സൂപ്പർവൈസർ പദവിയിലേക്ക് ഉയരാൻ കഴിഞ്ഞിട്ടുണ്ട്.

സിവിൽ സർവീസ് കരിയറായി തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് നൽകാനുള്ള ഉപദേശം?

ഏത് ജോലി ആയാലും 100 ശതമാനം ആത്മാർത്ഥതയോടെ ചെയ്യാൻ ശ്രമിക്കുക. സ്വയം സമർപ്പിതമായി ജോലി ചെയ്യാനുള്ള മനസ്സാണ് പ്രധാനം. സിവിൽ സർവീസ് രംഗത്ത് ഉയരണമെങ്കിൽ ഡിഗ്രി മാത്രം പോരാ. വിദ്യാഭ്യാസം പോലെ തന്നെ പോസിറ്റീവ് മനോഭാവം എന്ന ഗുണമാണ് വേണ്ടത്. മാനേജ്മെന്റിന് വേണ്ടത് എന്തെന്നറിഞ്ഞു അത് ഏറ്റവും മികവോടെ ചെയ്യുക. സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടെങ്കിലേ ഏതു രംഗത്തും ഉയർച്ച കൈവരിക്കാൻ സാധിക്കൂ. പൊതുവെ മലയാളികളുടെ ഇടയിലും ഇപ്പറഞ്ഞ ഗുണങ്ങൾ കുറവാണ്. എന്തിനും ഏതിനും പരാതി പറയുക പൊതു രീതിയാണ്. അമേരിക്കൻ യുവതലമുറയ്ക്ക് ഈ രംഗത്ത് ഗൈഡൻസ് കൊടുക്കുക എന്ന ഉദ്ദേശത്തോടെ ഇംഗ്ലീഷിൽ ഒരു പുസ്തകം രചിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാഥമിക വർക്കുകൾ തുടങ്ങിയിട്ടുണ്ട്. 36 വർഷത്തെ അനുഭവങ്ങൾ അടർത്തിവച്ചുകൊണ്ടായിരിക്കും എഴുത്ത്. എവിടെ നോക്കിയാലും എട്ടും പത്തും നിലകളുള്ള കെട്ടിടങ്ങളുള്ള ബ്രോങ്ക്സിലെ ജീവിതവും നേരിട്ട പ്രതിബന്ധങ്ങളും പുസ്തകത്തിലൂടെ തുറന്നുകാട്ടും. പല ജോലിക്കാർക്കും ആവശ്യാനുസരണം മോട്ടിവേഷണൽ ഉപദേശങ്ങൾ കൊടുക്കാറുണ്ട്. പലർക്കും പല ക്രിട്ടിക്കൽ സന്ദർഭങ്ങളിലും അത് ഉപകരിച്ചിട്ടുണ്ട്.

പഠനവൈകല്യത്തെ അതിജീവിച്ച കഥ പങ്കുവയ്ക്കാമോ?

emalayalee.com

നാട്ടിൽ വച്ച് കണക്കിന് എന്റെ മാർക്ക് എപ്പോഴും ഒറ്റസംഖ്യ ആയിരുന്നു. ഹൈസ്കൂളിൽ പഠിക്കുമ്പോൾ ട്യൂഷൻ ഉണ്ടായിരുന്നിട്ടുകൂടി ആ വിഷയം ഒരു ബാലികേറാമലയായി നിന്നു. എ. ഡി. എച്ച്. ഡി. എന്ന പഠനവൈകല്യമുള്ള കുട്ടിയായിരുന്നു ഞാനെന്ന് വൈകിയാണ് തിരിച്ചറിഞ്ഞത്. ഇത്തരം പ്രശ്നമുള്ള കുഞ്ഞുങ്ങൾക്കും ഭാവിയിൽ മുന്നേറാൻ സാധിക്കും എന്നുള്ള സന്ദേശം പകരാനാണ് ഈ തുറന്നുപറച്ചിൽ. കേരളത്തിൽ വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന രീതി ശരിയായിരുന്നില്ല എന്നാണ് ഇവിടെ വന്ന ശേഷം എനിക്ക് തോന്നിയത്. അവിടെ കുട്ടികളെ സൗമ്യമായി കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ അധ്യാപകരും മുതിർന്നവരും ശ്രമിക്കുമായിരുന്നില്ല. കൂടാതെ നമ്മൾ അല്പം പുറകിലാണെങ്കിൽ പരിഹാസവും കേൾക്കേണ്ടി വരും. ഇപ്പോൾ സ്ഥിതി മാറിയോ എന്നറിയില്ല. സ്ഫടികം സിനിമയിലെ ചാക്കോമാഷിനെപ്പോലെ കർക്കശക്കാരായ അധ്യാപകർ, പഠനത്തോടുതന്നെ ചിലപ്പോൾ വെറുപ്പ് ജനിപ്പിക്കും.

കലാപ്രവർത്തനങ്ങൾ?

കവിയായ ചെറിയാൻ കെ. ചെറിയാൻ 89 ൽ ന്യൂ യോർക്കിൽ വച്ച് ഒരുക്കിയ നാടകത്തിൽ അഭിനയിക്കാൻ അവസരം ലഭിച്ചതോടെയാണ് അമേരിക്കയിലെ കലാസാംസ്കാരിക രംഗവുമായി അടുക്കുന്നത്. 90 ൽ നിലമ്പൂർ കാർത്തികേയൻ മാഷ് എന്ന ഗായകൻ അമേരിക്കയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ സംഗീതം അഭ്യസിക്കാൻ എല്ലാ ശനിയാഴ്ചയും 3 മണിക്കൂർ ട്രെയിനിൽ യാത്ര ചെയ്ത് പോയതും കലയോടുള്ള അഗാധമായ താല്പര്യംകൊണ്ടാണ്. സംഗീതപഠനം രണ്ടുവർഷക്കാലം തുടർന്നു. അദ്ദേഹത്തിനുള്ള ഗുരുദക്ഷിണയായി 'യുണൈറ്റഡ് ആർട്സിന്റെ'ബാനറിൽ തൊണ്ണൂറ്റിയൊന്നിൽ ഒരു ഗാനമേള നടത്തി. 99 ൽ കൂട്ടുകാരുമായി ചേർന്ന് രൂപം കൊടുത്ത ഗ്ലോബൽ ആർട്സ് എന്ന സംഘടനയുടെ ബാനറിൽ 'ഇല പൊഴിയും പോലെ' എന്ന മൂന്ന് ലഘു ചിത്രങ്ങളടങ്ങിയ ചിത്രത്രയം നിർമ്മിച്ചു. അറിയപ്പെടുന്ന കഥാകൃത്തായ സിഎംസി എഴുതിയ മൂന്ന് ചെറുകഥകൾ യോജിപ്പിച്ച് ചെയ്ത ആ പ്രോജക്ടിൽ പ്രധാന കഥാപാത്രമായ നന്ദനെ അവതരിപ്പിക്കാൻ ആദ്യം തീരുമാനിച്ചിരുന്നത് നടൻ മധുപാലിനെ ആയിരുന്നു. യാദൃച്ഛികമായാണ് ആ റോൾ എനിക്ക് ലഭിച്ചത്. രാജീവ് അഞ്ചലായിരുന്നു സംവിധാനം. അമേരിക്കയിൽ ആദ്യമായൊരുക്കിയ മലയാളം സീരിയൽ അതാണ്. ചില സിനിമകളിലും ഹ്രസ്വചിത്രങ്ങളിലും പരസ്യചിത്രങ്ങളിലും പിന്നീടും അഭിനയിച്ചു. തൊണ്ണൂറുകളിൽ ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ സിനിമ പഠനത്തിന് ചേർന്നെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ജോലിയും ഉത്തരവാദിത്തങ്ങളും ഉള്ളതുകൊണ്ട് സിനിമയ്ക്ക് പിറകെ അഭിനിവേശത്തോടെ ഓടിയിട്ടൊന്നുമില്ല. ഓഫറുകൾ വേണ്ടെന്ന് വയ്ക്കേണ്ടതായും വന്നിട്ടുണ്ട്.

ഇതിനോടകം നിരവധി കലാപരിപാടികൾ ന്യൂയോർക്കിൽ സ്റ്റേജ് ചെയ്തിട്ടുണ്ട്. 2005 ലും 2006 ലും തിരുവനന്തപുരത്തു വച്ച് കലാവേദി ചലച്ചിത്ര അവാർഡ് നൈറ്റുകൾ നടത്തിയിരുന്നു. അതൊക്കെ വൻ വിജയമായിരുന്നു. പ്രൊഫെഷണൽ കലാപരിപാടികൾ പോലെ തന്നെ അമേരിക്കയിലെ പുതുതലമുറയിലെ പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പരിപാടികളും സ്റ്റേജ് ചെയ്യുന്നതിൽ കലാവേദി ശ്രദ്ധിക്കാറുണ്ട്. സാംസ്കാരിക പുരോഗമനവും മാനവികതയും സാമൂഹ്യ സേവനവും ആണ് കലാവേദിയുടെ മൂന്നു പ്രവർത്തന മേഖലകൾ. എല്ലാ രണ്ടു വർഷങ്ങൾ കൂടുമ്പോഴും പരിപാടികൾ നടത്തി വരുന്നു.

കോവിഡ് സമയത്ത് അവതരിപ്പിച്ച 'സാന്ത്വന സംഗീതം' എന്ന സംഗീത പരിപാടി വൻ വിജയമായിരുന്നല്ലോ?

കോവിഡിന്റെ പ്രഭവ സമയത്ത് ഓൺലൈനായി തുടങ്ങിയ സാന്ത്വനം എന്ന പരിപാടി കലാകാരന്മാർക്കും ശ്രോതാക്കൾക്കും അക്ഷരാർത്ഥത്തിൽ സാന്ത്വനമായിരുന്നു. എൺപത്തിയഞ്ചോളം ഗായകരെ കോർത്തിണക്കി എൺപതിലധികം എപ്പിസോഡുകൾ ചെയ്തു. ഫോമാ നേതൃത്വം ഇതിന് നൽകിയ പിന്തുണ വളരെ വലുതാണ്. അമേരിക്കയിൽ ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ ഇതുവഴി സാധിച്ചു.

മലയാളവേദി ഓഫ് ന്യൂയോർക്ക് രൂപീകരിച്ചതിന്റെ ലക്ഷ്യം?

മലയാളഭാഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന നിലവിലുള്ള സംഘടനകളെ ഏകോപിപ്പിക്കാനും പ്രവർത്തനങ്ങൾക്ക് ജീവൻ പകരാനുമാണ് മലയാള വേദി ഓഫ് ന്യൂയോർക്ക് രൂപീകരിച്ചത്. മലയാളം എഴുത്തുകാരുടെയും വായനക്കാരുടെയും ആസ്വാദകരുടെയും സംസർഗം പ്രോത്സാഹിപ്പിക്കാനും ചില പദ്ധതികൾ നടപ്പാക്കും. ഇതിലെ വൈരുദ്ധ്യം, ഞാൻ ഒരു എഴുത്തുകാരനോ വായ

നക്കാരനോ അല്ല എന്നുള്ളതാണ്. കേവലം ഒരു ഭാഷാസ്നേഹി എന്ന സ്ഥാനത്തു നിന്ന് കൊണ്ടാണ് ഈ ഉദ്യമത്തിന് ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ലോകത്തെവിടെയും ഉള്ള മലയാള ഭാഷാസ്നേഹികൾക്ക് ഉപകാരപ്പെടുന്ന പദ്ധതികളും പിന്നണിയിൽ തയ്യാറാകുന്നുണ്ട്.

മറ്റു സംഘടനാപ്രവർത്തനങ്ങൾ?

കലാവേദി ഓഫ് യു എസ് എ മാനവസൗഹാർദ്ദം ലക്ഷ്യംവച്ചാണ് മുന്നോട്ടുപോകുന്നത്. കലയുടെയും സംഗീതത്തിലൂടെയും മലയാളികളെ ഒന്നിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത് രൂപീകരിച്ചത്. 'കല ജീവനു വേണ്ടി' എന്ന സാമൂഹ്യ സേവന പദ്ധതിയും 2006 മുതൽ ചെയ്തുവരുന്നു. ഞാൻ കണ്ട ഒരു സ്വപ്നമാണ് ഈ പദ്ധതി തുടങ്ങാൻ നിമിത്തമായത്. തെരുവിലൂടെ കുട്ടികൾ അലയുന്ന കാഴ്ച, എന്നെ വല്ലാതെ ഉലച്ചു. ഏതാനും ദിവസങ്ങൾ ഉറങ്ങാനേ കഴിഞ്ഞില്ല. കലാപരിപാടികൾ നടത്തി അതിലൂടെ ശേഖരിക്കുന്ന പണം പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ ഉപയോഗപ്പെടുത്തുന്നു .

ഇടുക്കിയിലെ കല്ലാർ പട്ടം കോളനിയിലെ സ്കൂളിൽ പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തി ആറു മുതൽ അഞ്ചു വർഷത്തോളം സഹായം എത്തിച്ചു. ഇപ്പോൾ തിരുവനന്തപുരത്തെ മിത്രനികേതൻ ഉൾപ്പടെ പല സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

വൈസ് മെൻ ഇന്റർനാഷണൽ ക്ലബ്ബിന്റെ നോർത്ത് ഈസ്റ്റ് റീജിയൻ പബ്ലിക് റിലേഷൻസ് സർവീസ് ഡയറക്ടറായും പ്രവർത്തിക്കുന്നുണ്ട്. ലോകത്താകെ 30000ത്തിലധികം അംഗങ്ങളുള്ള സന്നദ്ധ സേവന സംഘടനയാണിത്. 13 വർഷമായി ലോങ്ങ് ഐലൻഡ് വൈസ്മെൻ ക്ലബ്ബിന്റെ അംഗമാണ്. ഈ ക്ലബ്ബിൽ പല ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളും ഇതിനോടകം വഹിച്ചിട്ടുണ്ട്.

അമേരിക്കയിലെ മലയാളി സംഘടനകളിലെ മുത്തശ്ശി സംഘടന എന്നുവിശേഷിപ്പിക്കാവുന്ന കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ വൈസ് പ്രസിഡന്റ് സ്ഥാനവും ഇപ്പോൾ വഹിക്കുന്നുണ്ട്.

ന്യൂജേഴ്സിയിലെ ഫൈൻ ആർട്സ് ക്ലബിൽ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട് . ഫൈൻ ആർട്സ്

ക്ലബിൽ അംഗമായിരിക്കെ ഒരു നാടകത്തിൽ അഭിനയിച്ചു. അതുകണ്ട് യേശുദാസ് അഭിനന്ദിക്കുകയും ഞങ്ങളോടൊപ്പം ഡിന്നറിൽ പങ്കെടുത്തതും അവിസ്മരണീയമായൊരു അനുഭവമാണ്.

കലാവേദി,സ്ഥാപിതമായത് രണ്ടായിരത്തി നാലിലാണ്. രണ്ടായിരത്തി പതിന്നാല് മുതൽ 501 ര പദവിയുള്ള ചാരിറ്റബിൾ ഓർഗനൈസേഷനാണ്. ഇപ്പോൾ ഇരുപത്തെട്ട് കുടുംബങ്ങൾ ചേർന്നുള്ള ഒരു ക്ലബ്ബായി പ്രവർത്തിക്കുന്നു. മൂന്നു മാസങ്ങൾ കൂടുമ്പോൾ ഈ കുടുംബങ്ങൾ ചേർന്നുള്ള ഫാമിലി നൈറ്റുകൾ തുടർച്ചയായി നടക്കുന്നു. രണ്ടോ മൂന്നോ വർഷങ്ങൾ കൂടുമ്പോൾ കലാമേളകൾ നടത്തുന്നു. എല്ലാ വർഷവും ആർട് ഫോർ ലൈഫിന്റെ ഭാഗമായി അർഹിക്കുന്ന സ്കൂളുകൾക്കൊ സ്ഥാപനങ്ങൾക്കൊ സംഭാവനകൾ നൽകുന്നു. സജി മാത്യുവാണ് ഇപ്പോൾ അതിന്റെ പ്രസിഡണ്ട്.



മാധ്യമരംഗത്തും താങ്കളുടെ സംഭാവനയുണ്ടല്ലോ?

രണ്ടായിരത്തി നാല് മുതൽ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു വെബ് ഡിസൈനിംഗ് പ്രോഗ്രാം ചെയ്യുന്നുണ്ടായിരുന്നു. അന്ന് മുതൽ കലാവേദി ഓൺലൈൻ ന്യൂസ് പോർട്ടൽ (ഇപ്പോൾ കലാവേദി ടി വി ഡോട്ട് കോം) സജീവമായി നടത്തുന്നുണ്ട് . കെ. ജയകുമാർ ഉൾപ്പെടെ പ്രഗത്ഭർ അതിൽ ലേഖനങ്ങൾ എഴുതിയിരുന്നു. 'അറിയാനും പറയാനും' തുടങ്ങി പല പംക്തികളും ശ്രദ്ധ നേടിയിട്ടുണ്ട്. കലാവേദി ടിവി-ക്കുവേണ്ടി സക്കറിയ, ഗോപിനാഥ് മുതുകാട്, എം. എൻ.കാരശ്ശേരി, കെ. ജയകുമാർ, പ്രൊഫ.പ്രമീള ദേവി, ബെന്യാമിൻ, രാജീവ് അഞ്ചൽ, ശ്വേതാ മേനോൻ തുടങ്ങി നിരവധി പ്രശസ്തരുടെ അഭിമുഖങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അറിയപ്പെടുന്ന കോളമിസ്ട് ആയ കോർസൺ വർഗീസ് ആണ് കലാവേദിയിലൂടെ വാൽക്കണ്ണാടി എന്ന കൂടിക്കാഴ്ചകൾ ആങ്കർ ചെയ്യുന്നത്. അമേരിക്കയിൽ ആദ്യമായി ഇന്ത്യ പ്രസ് ക്ലബ് രൂപീകരിക്കുമ്പോൾ അതിന്റെ പി. ആർ. ഓ. ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

അമേരിക്കൻ മലയാളികളുടെ 'മലയാളം' ഈ തലമുറയോടെ നിന്നുപോകുമെന്ന് കരുതുന്നുണ്ടോ?

നിന്നുപോകുമെന്ന് കരുതുന്നില്ല. സംസ്കാരം പോലെ ഭാഷയിലും പരിവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. ടെക്സസ് യൂണിവേഴ്സിറ്റിയിൽ വെള്ളക്കാർ മലയാളം പഠിക്കുന്നുണ്ടല്ലോ. മലയാളവും മലയാളിത്തവും ഒരു വികാരമാണ്. വിവേക് രാമസ്വാമിയെപ്പോലെ പ്രസിഡൻഷ്യൽ സ്ഥാനാർത്ഥിയായി പോലും മലയാളി എത്തുകയാണ്. കാലം മാറുമ്പോൾ മലയാളികൾക്ക് ഭാഷയോടുള്ള താല്പര്യം കുറഞ്ഞാൽ കൂടി അതിന്റെ ശ്രേഷ്ഠതയും സൗന്ദര്യവും മനസ്സിലാക്കുന്ന ഒരു കൂട്ടം ആളുകൾ അതിനെ താങ്ങിനിർത്താൻ ഉണ്ടാകും. നമ്മുടെ ഭാഷ ഒരു ഭാഷ മാത്രമല്ല അതിനു സൗന്ദര്യാത്മകമായ വിവിധ വശങ്ങളുണ്ട്. നമ്മുടെ സംഗീതം ഭാഷയുമായി വേർതിരിക്കാനവാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നു. അത് ഒരു കാലത്തിനും അരിച്ചു മാറ്റാനാവില്ല. മാത്രമല്ല അത് മറ്റു ഭാഷകളിലേക്കും സംഗീതത്തിലൂടെ പടരും. മാതൃ ഭാഷയുടെ കാവൽക്കാരായി നമ്മൾ ഉണ്ടാകണം. കുട്ടികൾക്ക് ഭാഷയെ സ്നേഹിക്കാനുള്ള സാഹചര്യം വീട്ടുകാർ ഒരുക്കിക്കൊടുക്കണം. ഇവിടെ തന്നെ മലയാളം പഠിപ്പിക്കുന്ന സ്കൂളുകളുണ്ട്. അരിസോണയിലെ ജനിച്ചുവളർന്ന 'നവനീത്' , ദേവരാജൻ മാഷ് സംഗീതം ചെയ്ത അനശ്വര ഗാനങ്ങൾ അതിമധുരമായി ആലപിക്കുമ്പോൾ, പുതുതലമുറയെക്കുറിച്ച് പ്രതീക്ഷ ഏറെയാണ്.

ഭാഷ ഒരു കലയാണ്. അത് ആരിലും അടിച്ചേല്പിക്കാനോ ആരിൽ നിന്നും എടുത്തുമാറ്റാനോ കഴിയില്ല. അത് അഭിരുചിയുള്ളവർക്ക് മാത്രമേ പഠിക്കാൻ കഴിയു. ഒരാളെ ഭാഷാപണ്ഡിതനായാലും അയാളുടെ മക്കളോ കൊച്ചുമക്കളോ അത് ഉൾക്കൊള്ളണമെന്നില്ല. എന്നാൽ വിദേശീയർ അത് പഠിച്ചെന്നുമിരിക്കും. അതിനുദാഹരണമാണ് ഗുണ്ടർട്ട് മലയാളത്തിൽ ഡിക്ഷണറി പബ്ലിഷ് ചെയ്തത്. ഇപ്പോൾ ടെക്സസിൽ വെള്ളക്കാരനായ ഡോൺ ഡേവിസ് മലയാളം പഠിപ്പിക്കുന്നു. ന്യൂ യോർക്കിൽ വച്ച് കലാവേദിയുടെ ഒരു പരിപാടിയിൽ മലയാളിയായ ഒരു പ്രൊഫെസർ മലയാളത്തെക്കുറിച്ചു ഒരു മണിക്കൂർ ഇംഗ്ലീഷിൽ പ്രസംഗിച്ചത് ഒരു തമാശയായി മനസ്സിൽ ഊറി വരുന്നു.

കുടുംബം?

95 ലായിരുന്നു വിവാഹം.ഭാര്യ ബിന്ദു ഡേവിഡ് കോട്ടയം സ്വദേശിയാണ്. 96 മുതൽ ഇവിടെ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു.വിപുലമായ ഓണാഘോഷവും സംഘടനയുടെ മീറ്റിങ്ങുകളും വീട്ടിൽ വച്ച് നടത്താൻ സാധിക്കുന്നത് ബിന്ദുവിന്റെ സ്നേഹംനിറഞ്ഞ പിന്തുണ കൊണ്ടാണ്. മൂത്ത മകൻ എമിൽ ഡേവിഡ് കോളജ് പഠനം പൂർത്തിയാക്കി, അമേരിക്കൻ ആർമിയിൽ ചേർന്നു. ഇളയ മകൻ വിമൽ ഡേവിഡ് ഫിനാൻസിൽ ഡിഗ്രി ചെയ്യുകയാണ്.